"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - സഹകരണ വകുപ്പിലെ ക്ലർക്ക്, ശ്രീമതി. അഞ്ജിത പി സി-യെ കോഴിക്കോട് ജില്ലയിലെ തിക്കോടി ഗ്രാമപഞ്ചായത്തിൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1491/2024/LSGD തീയതി,തിരുവനന്തപുരം, 09-08-2024**

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 2600/2023/LSGD തീയതി, 29/12/2023.
2. സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുടെ 31/05/2024-ലെ ഇ.എ(5)/3123/2024 നമ്പർ ഉത്തരവ്
3. സ.ഉ.(സാധാ) നം. 1296/2024/LSGD, തീയതി 18/07/2024.
4. സഹകരണ സംഘം രജിസ്ട്രാറുടെ 24/07/2024-ലെ RCS/3627/2022-ഇ.എ(5) നമ്പർ കത്ത്.
5. ശ്രീമതി. അഞ്ജിത പി സി യുടെ 29/07/2024 തീയതിയായുള്ള അപേക്ഷ.

**<u>ഉത്തരവ്</u>**

സഹകരണ വകുപ്പിലെ ക്ലർക്കായ ശ്രീമതി. ഉണ്ണിമായ ഇ.പി.-യെ പരാമർശം (1) ഉത്തരവ് പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിരുന്നു. എന്നാൽ ടിയാൻ സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ജെ.ഡി.സി പരിശീലനത്തിൽ ആണെന്നും അതിനാൽ ടിയാന് പകരം ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ഹെഡ് ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ജൂനിയർമോസ്റ്റ് ക്ലർക്ക്, ശ്രീമതി. അഞ്ജിത പി സി-യെ പുനർവിന്യസിക്കാവുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) പ്രകാരം അറിയിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിലെയും ജില്ലാ പഞ്ചായത്തിലെയും പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ അധികജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അലോട്ട് ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ കോഴിക്കോട് ജില്ലയിലെ തിക്കോടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനത്തിൽ പ്രവേശിക്കുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ട് ശ്രീമതി. അഞ്ജിത പി സി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ള ജൂനിയർമോസ്റ്റ് ക്ലർക്ക്, ശ്രീമതി. അഞ്ജിത പി സി-യെ, ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് കോഴിക്കോട് ജില്ലയിലെ തിക്കോടി ഗ്രാമപഞ്ചായത്തിലേയ്ക്ക് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
സെക്രട്ടറി, തിക്കോടി ഗ്രാമപഞ്ചായത്ത്.
ശ്രീമതി. അഞ്ജിത പി സി , ക്ലർക്ക്, സഹകരണ വകുപ്പ് ( സഹകരണ സംഘം രജിസ്ട്രാർ മുഖേന).
ശ്രീമതി ഉണ്ണിമായ ഇ.പി, ക്ലർക്ക്, സഹകരണ വകുപ്പ്( സഹകരണ സംഘം രജിസ്ട്രാർ മുഖേന).
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
സഹകരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(LSGD-ERA1/53/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 09-08-2024 18:03:54

സെക്ഷൻ ഓഫീസർ